പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2379 — 08.07. 2015 ൽ മറുപടിക്ക്.

## പാലക്കാട് ജില്ലയിലെ അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) പാലക്കാട് ജില്ലയിലുള്ള അന്യ സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br>(ബി) എങ്കിൽ എത്രപേർക്കാണ് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) യും (ബി) യും<br>ഉണ്ട്.<br>2010–ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ഇതുവരെ 3025 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. |
| (സി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;<br>(ഡി) ഇത്തരം ക്യാമ്പുകളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടോ? | (സി) യും (ഡി) യും<br>ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ 1979–ലെ അന്യസംസ്ഥാന തൊഴിലാളി നിയമം, 1996–ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം (RE&CS) എന്നിവ പ്രകാരം കർശന പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം പാലക്കാട് ജില്ലയിൽ 2015 വർഷത്തിൽ ഏഴ് പരിശോധനകൾ നടത്തിയിട്ടുള്ളതും കണ്ടെത്തിയ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ